പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 369 — 28.06.2011-ൽ മറുപടിയ്ക്ക്

# വന്യമൃഗങ്ങളുടെ ആക്രമണത്തിനും കൃഷിനാശനഷ്ടങ്ങൾക്കും ഇരയാകുന്നവർക്ക് നൽകിവരുന്ന സഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ്ജ് | | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | വന്യമൃഗങ്ങൾ കാടിറങ്ങി ജനങ്ങളുടെ ജീവന് ഭീഷണിയും കൃഷിയിടങ്ങൾക്ക് നാശനഷ്ടവും വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | 2006-2011 കാലയളവിൽ ഇത്തരം എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു; ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം പ്രതിവിധികൾ കൈക്കൊണ്ടുവെന്ന് അറിയിക്കുമോ; | (ബി) | 2006-2011 കാലയളവിൽ കൃഷിയിടങ്ങൾക്ക് നാശനഷ്ടം വരുത്തിയ 10912 സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ടി കേസുകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഇതിനു പുറമെ ഇവ തടയുന്നതിന് താഴെ പറയുന്ന നടപടികളും കൈക്കൊണ്ടിട്ടുണ്ട്.<br>1. കാട്ടുമൃഗങ്ങൾ കൃഷിയിടങ്ങളിൽ പ്രവേശിക്കുന്നത് തടയാനുപകരിക്കുന്ന കിടങ്ങുകൾ, വൈദ്യുതി കമ്പിവേലികൾ, സൗരോർജ്ജ കമ്പിവേലികൾ, മതിലുകൾ തുടങ്ങിയവ നിർമ്മിക്കുന്നു.<br>2. കൃഷിയിടങ്ങളിലേക്ക് ഇറങ്ങി വരുന്ന മൃഗങ്ങളെ തിരിച്ചു വിടാനുള്ള നടപടികൾ കൈക്കൊള്ളുന്നു.<br>3. ജലലഭ്യത ഉറപ്പ് വരുത്തുന്നതിലേയ്ക്കായി ഉൾവനങ്ങളിൽ തടയണകളും, കുളങ്ങളും നിർമ്മിക്കുന്നു.<br>4. കാട്ടുമൃഗങ്ങളെ ആകർഷിക്കുന്ന കൃഷി രീതി അനുവർത്തിക്കാതിരിക്കാൻ കൃഷിക്കാർക്കിടയിൽ അവബോധം വളർത്തുന്നു.<br>5. എല്ലാ പ്രതിരോധ പ്രവർത്തനങ്ങളിലും ജനപങ്കാളിത്തവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും ഉറപ്പുവരുത്താൻ നടപടികൾ എടുത്തു വരുന്നു. |

6. വനങ്ങൾക്കുള്ളിലെ നിയമവിരുദ്ധ പ്രവർത്തനങ്ങളായ കള്ളവാറ്റും, കഞ്ചാവ് കൃഷിയും, കാട്ടുതീയും തടയുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തുന്നു.

7. കാട്ടിൽ വന്യമൃഗങ്ങൾക്ക് ഭക്ഷണലഭ്യത ഉറപ്പ് വരുത്തുന്നതിനാവശ്യമായ സസ്യങ്ങൾ നട്ടുവളർത്തുന്നു.

8. ആനകളുടെ സഞ്ചാരപഥം സുഗമമാക്കുന്നതിന് ആനത്താരാ പദ്ധതിയിൻകീഴിൽ സ്വകാര്യ സ്ഥലം ഏറ്റെടുത്ത് ആനത്താരകൾ ഉണ്ടാക്കുന്നു.

9. കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ നിബന്ധനകൾക്ക് വിധേയമായി വെടിവച്ചു കൊല്ലുവാൻ പരീക്ഷണാടിസ്ഥാനത്തിൽ, ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

10. കാട്ടിലിറങ്ങി സ്ഥിരമായി കൃഷിനാശം ഉണ്ടാക്കുന്ന ആനകൾക്ക് റേഡിയോ കോളർ ഘടിപ്പിച്ച് അവയുടെ സഞ്ചാരം നിരീക്ഷിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

**(സി)** ഇപ്രകാരം വന്യമൃഗങ്ങളുടെ ആക്രമണത്തിനും കൃഷിനാശ നഷ്ടങ്ങൾക്കും ഇരയാകുന്നവർക്ക് നിലവിൽ നൽകിവരുന്ന നഷ്ടപരിഹാരത്തുക എത്രയാണ്;

**(സി)** വന്യമൃഗങ്ങളുടെ ആക്രമണത്തിനും കൃഷിനാശ നഷ്ടങ്ങൾക്കും ഇരയാകുന്നവർക്ക് നിലവിൽ നൽകിവരുന്ന നഷ്ടപരിഹാരത്തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | ജീവഹാനി | 3 ലക്ഷം രൂപ |
| 2. | വനത്തിന് പുറത്ത് പാമ്പു കടിയേറ്റ് ജീവഹാനി | 1 ലക്ഷം രൂപ |
| 3. | വിളനാശം, വീട് നഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 50,000 രൂപ) |
| 4. | സ്ഥിരമായ അംഗവൈകല്യം | 25,000 രൂപ വരെ |
| 5. | പരിക്ക് | 5000 രൂപ വരെ |

**(ഡി)** ഈ തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

**(ഡി)** ജീവഹാനി, വിളനാശം, വീട് നഷ്ടം, കന്നുകാലി നഷ്ടം എന്നിവയ്ക്കുള്ള നഷ്ടപരിഹാരതുക 2010 വർഷത്തിലാണ് വർദ്ധിപ്പിച്ചത്. വനത്തിന് പുറത്ത് പാമ്പു കടിയേറ്റ് ജീവഹാനി സംഭവിക്കുന്നതിനുള്ള നഷ്ടപരിഹാരം 2010-ൽ പുതുതായി അനുവദിച്ചതാണ്. സ്ഥിരമായ അംഗവൈകല്യം, പരിക്ക് എന്നിവയ്ക്കുള്ള തുക വർദ്ധിപ്പിക്കാനുള്ള ശുപാർശ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ